ടി.കെ ഉബൈദ്

1229

സൂറ - 46

# അൽ അഹ്ഖാഫ്

الأحقاف

### സൂക്തം 09-10

ചില പ്രവാചകന്മാർ അവരുടെ പ്രവാചകത്വം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനു വേണ്ടി ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്താറുണ്ടായിരുന്നു. അതൊന്നും അവരുടെ വ്യക്തിത്വത്തിന്റെ ഭാഗമായിട്ടുള്ള കഴിവോ സിദ്ധിയോ ആയിരുന്നില്ല. ഒരു ദൈവദൂതനും താനാഗ്രഹിക്കുമ്പോഴോ ജനം ആവശ്യപ്പെടുമ്പോഴോ ദിവ്യാത്ഭുതം പ്രത്യക്ഷപ്പെടുത്താനാവില്ലായിരുന്നു. അല്ലാഹു ഉദ്ദേശിക്കുമ്പോൾ അവന്റെ ഹിതാനുസാരം മാത്രമേ സാധിക്കുമായിരുന്നുള്ളൂ.

---

قُلْ مَا كُنتُ بِدْعًا مِّنَ ٱلرُّسُلِ وَمَآ أَدْرِى مَا يُفْعَلُ بِى وَلَا بِكُمْ ۖ إِنْ أَتَّبِعُ إِلَّا مَا يُوحَىٰٓ إِلَىَّ
وَمَآ أَنَا۠ إِلَّا نَذِيرٌ مُّبِينٌ ﴿٩﴾

*9*

*പ്രവാചകൻ പറയുക: ഞാൻ ദൈവദൂതന്മാരിൽ ഒരു പുതുമയല്ല. നാളെ എനിക്കെന്തു സംഭവിക്കുമെന്ന് ഞാനറിയുന്നില്ല, നിങ്ങൾക്കെന്തു സംഭവിക്കുമെന്നും അറിഞ്ഞുകൂടാ. എനിക്കു ലഭിക്കുന്ന ദിവ്യസന്ദേശത്തെ പിന്തുടരുക മാത്രമാണ് ഞാൻ ചെയ്യുന്നത്. ഞാനൊരു തെളിഞ്ഞ മുന്നറിയിപ്പുകാരനല്ലാതാരുമല്ല.*

| | |
|---|---|
| നീ (പ്രവാചകൻ) പറയുക | قُلْ |
| ഞാൻ ഒരു പുതുമയ(ല്ല)ായിട്ടില്ല | مَا كُنتُ بِدْعًا |
| പ്രവാചകന്മാരിൽനിന്ന് | مِّنَ الرُّسُلِ |
| ഞാൻ അറിയുന്നില്ല | وَمَا أَدْرِي |
| എന്നെക്കൊണ്ട് എന്തു ചെയ്യപ്പെടും (നാളെ എനിക്കെന്തു സംഭവിക്കുമെന്ന്) | مَا يُفْعَلُ بِي |
| നിങ്ങളെക്കൊണ്ടും (നിങ്ങൾക്കെന്തു സംഭവിക്കുമെന്നും അറിഞ്ഞു കൂടാ) | وَلَا بِكُمْ |
| എന്നിലേക്ക് ബോധനം ചെയ്യപ്പെടുന്നതല്ലാതെ ഞാൻ പിന്തുടരുന്നില്ല (എനിക്ക് ലഭിക്കുന്ന ദിവ്യസന്ദേശത്തെ പിന്തുടരുക മാത്രമാകുന്നു ഞാൻ ചെയ്യുന്നത്) | إِنْ أَتَّبِعُ إِلَّا مَا يُوحَىٰ إِلَيَّ |
| ഞാൻ ഒരു തെളിഞ്ഞ മുന്നറിയിപ്പുകാരൻ അല്ലാതെ(ആരും) അല്ല | وَمَا أَنَا إِلَّا نَذِيرٌ مُّبِينٌ |

പ്രവാചകനെ നിഷേധിക്കാൻ ഖുറൈശികൾ ഉന്നയിച്ചിരുന്ന മുഖ്യ ന്യായങ്ങളിലൊന്നാണ്, അദ്ദേഹം തങ്ങൾക്ക് പരിചിതനായ ഒരു സാധാരണ മനുഷ്യൻ മാത്രമാകുന്നു എന്നത്. ഖുറൈശികൾ മാത്രമല്ല, പുരാതന കാലം മുതലേ മിക്ക സമുദായങ്ങളിലെയും ധിക്കാരികളായ പ്രമാണിമാർ പ്രവാചകന്മാർക്കെതിരെ ഈ വാദം ഉന്നയിക്കാറുണ്ടായിരുന്നു. സാമാന്യ ജനത്തെ പ്രവാചകന്മാരിൽനിന്നും അവരുടെ ആദർശങ്ങളിൽനിന്നും പിന്തിരിപ്പിക്കാൻ ഏറെ പ്രയോജനകരമായിരുന്നു ഈ വാദഗതി. ഇയാൾ നമ്മെപ്പോലൊരു വെറും മനുഷ്യൻ. ഉണ്ണുന്നു, ഉറങ്ങുന്നു, ഉണരുന്നു, ചന്തയിൽ നടക്കുന്നു, വിവാഹം ചെയ്യുന്നു, മക്കളെ ജനിപ്പിക്കുന്നു- ഇതെന്തു പ്രവാചകൻ? ദൈവം മനുഷ്യരിലേക്ക് ദൂതനെ അയക്കുകയാണെങ്കിൽ മലക്കിനെയാണയക്കുക. ഇനി മനുഷ്യനെ അയക്കുകയാണെങ്കിൽ അയാൾ ദൈവദൂതനാണെന്നു വിളംബരം ചെയ്യുന്ന മലക്കുകളുടെ അകമ്പടിയുണ്ടാകണം. അല്ലാതെങ്ങനെയാണ് നമ്മൾ അയാളെ ദൈവദൂതനെന്നു വിശ്വസിക്കുക? സമൂഹത്തിൽ പണവും പ്രതാപവും ഉള്ളവരെയാണ് ദൈവം തന്റെ ദൂതനായി നിയോഗിക്കുക. അയാൾക്ക് കാരക്കയുടെയും മുന്തിരിയുടെയും തോട്ടങ്ങളുണ്ടായിരിക്കും. പാർക്കാൻ കനകക്കൊട്ടാരവുമുണ്ടാകും. അതിനൊക്കെ പുറമെ, അയാൾ ദൈവം അയച്ച ദൂതനാണെന്ന് നമ്മെ ബോധ്യപ്പെടുത്താൻ പര്യാപ്തമായ ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്തുകയും വേണം. ഇതൊന്നുമില്ലാതെ മുഹമ്മദിനെപ്പോലെ, പിതൃവ്യന്റെയും ഭാര്യയുടെയും തണലിൽ കഴിഞ്ഞുകൂടുന്ന നിസ്വനും നിസ്സഹായനുമായ ഒരു ഏഴയെ ദൈവം എന്തിനു തന്റെ ദൂതനായി നിയോഗിക്കണം? ഖുർആൻ പല സ്ഥലങ്ങളിലായി ഈ വിമർശനങ്ങളെല്ലാം ഉദ്ധരിക്കുകയും വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. ദൈവദൂതന്റെ ആളത്തത്തെക്കുറിച്ചു 12:109-ലും 16:43-ലും 21:7-ലും പറഞ്ഞു: وَمَا أَرْسَلْنَا قَبْلَكَ إِلَّا رِجَالًا نُّوحِي إِلَيْهِمْ ۚ -12:109-ലും 16:43-ലും مِن قَبْلِكَ എന്നാണുള്ളത്- (നാം ദിവ്യബോധനം ചെയ്യുന്ന ആളുകളെയല്ലാതെ, നിനക്കു മുമ്പും നമ്മുടെ ദൂതന്മാരായി അയച്ചിട്ടില്ല). പ്രവാചകന്മാരോട് അല്ലാഹു കൽപിച്ചിരുന്നു: "ജനത്തോട് പറയുക: ഞാൻ നിങ്ങളെപ്പോലൊരു മനുഷ്യൻ മാത്രമാകുന്നു. ദിവ്യസന്ദേശം ലഭിക്കുന്നു എന്നതു മാത്രമാണെന്റെ പ്രത്യേകത" - قُلْ إِنَّمَا أَنَا بَشَرٌ مِّثْلُكُمْ يُوحَىٰ إِلَيَّ (18:110). "പ്രവാചകന്മാർ അവരുടെ പ്രബോധിത സമൂഹങ്ങളോട് അസന്ദിഗ്ധമായി പറയാറുണ്ടായിരുന്നു: ഞങ്ങൾ നിങ്ങളെപ്പോലുള്ള മനുഷ്യർ മാത്രമാകുന്നു"- قَالَتْ لَهُمْ رُسُلُهُمْ إِن نَّحْنُ إِلَّا بَشَرٌ مِّثْلُكُمْ (14:11). ദിവ്യസന്ദേശം ലഭിക്കുന്നു എന്നതാണ് പ്രവാചകന്മാരുടെ യഥാർഥ അതിമാനുഷത. ശാരീരിക-മാനസിക ഘടനയിലും ഗുണങ്ങളിലും അവരുടേത് തികഞ്ഞ മനുഷ്യപ്രകൃതി തന്നെയായിരുന്നു. സദ്ഭാവങ്ങളും ബോധങ്ങളും ഉത്തിഷ്ഠമായവരും തദനുസൃതം കർമ ജീവിതം നയിക്കുന്നവരുമായ വിശിഷ്ട വ്യക്തിത്വങ്ങളെയാണ് അല്ലാഹു ദൂതന്മാരായി നിയോഗിക്കുക. ആ ഗുണങ്ങൾ പക്ഷേ, അവരുടെ ആളത്തത്തിനതീതമായതല്ല; ആളത്തത്തിന്റെ പൂർണതയാണ്. 21:8-ൽ അല്ലാഹു പറയുന്നു: وَمَا جَعَلْنَاهُمْ جَسَدًا لَّا يَأْكُلُونَ الطَّعَامَ وَمَا كَانُوا خَالِدِينَ (ദൈവദൂതന്മാരെ നാം അന്നം തിന്നാത്ത ശരീരമാക്കിയിട്ടില്ല. അവർ ചിരഞ്ജീവികളുമായിരുന്നില്ല).

ചില പ്രവാചകന്മാർ അവരുടെ പ്രവാചകത്വം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനു വേണ്ടി ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്താറുണ്ടായിരുന്നു. അതൊന്നും അവരുടെ വ്യക്തിത്വത്തിന്റെ ഭാഗമായിട്ടുള്ള കഴിവോ സിദ്ധിയോ ആയിരുന്നില്ല. ഒരു ദൈവദൂതനും താനാഗ്രഹിക്കുമ്പോഴോ ജനം ആവശ്യപ്പെടുമ്പോഴോ ദിവ്യാത്ഭുതം പ്രത്യക്ഷപ്പെടുത്താനാവില്ലായിരുന്നു. അല്ലാഹു ഉദ്ദേശിക്കുമ്പോൾ അവന്റെ ഹിതാനുസാരം മാത്രമേ സാധിക്കുമായിരുന്നുള്ളൂ. وَمَا كَانَ لِرَسُولٍ أَن يَأْتِيَ بِآيَةٍ إِلَّا بِإِذْنِ اللَّهِ ۚ (ദൈവഹിതമനുസരിച്ചല്ലാതെ ദിവ്യാത്ഭുതം പ്രത്യക്ഷപ്പെടുത്താൻ ഒരു ദൈവദൂതനുമാവില്ല -40:78). ദൃഷ്ടാന്തങ്ങളായി ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്താനാവശ്യപ്പെട്ട ജനത്തെ അറിയിക്കാൻ പ്രവാചകനോട് കൽപിക്കുന്നു: قُلْ إِنَّمَا الْآيَاتُ عِندَ اللَّهِ ۖ (പ്രവാചകൻ പറയുക: ദൃഷ്ടാന്തങ്ങളൊക്കെയും അല്ലാഹുവിങ്കൽ മാത്രമാകുന്നു -6:109). മരുഭൂമിയിൽ നദികളൊഴുക്കുക, തോട്ടങ്ങൾ വളർത്തുക, ആകാശ ഖണ്ഡങ്ങൾ വീഴ്ത്തുക, കനകക്കൊട്ടാരമുണ്ടാക്കുക, പരസ്യമായി മാനത്തു കയറിപ്പോയി വേദപുസ്തകവുമായി ഇറങ്ങിവരിക തുടങ്ങിയ ദൃഷ്ടാന്തങ്ങൾ കാണിക്കാൻ ആവശ്യപ്പെട്ടതിനെക്കുറിച്ച് 17:93-ൽ പ്രസ്താവിക്കുന്നു: قُلْ

**ദിവ്യസന്ദേശം ലഭിക്കുന്നു എന്നതാണ് പ്രവാചകന്മാരുടെ യഥാർഥ അതിമാനുഷത. ശാരീരിക-മാനസിക ഘടനയിലും ഗുണങ്ങളിലും അവരുടേത് തികഞ്ഞ മനുഷ്യ പ്രകൃതി തന്നെയായിരുന്നു. സദ്ഭാവങ്ങളും ബോധങ്ങളും ഉത്തിഷ്ഠമായവരും തദനുസൃതം കർമ ജീവിതം നയിക്കുന്നവരുമായ വിശിഷ്ട വ്യക്തിത്വങ്ങളെയാണ് അല്ലാഹു ദൂതന്മാരായി നിയോഗിക്കുക.**

سُبْحَانَ رَبِّي هَلْ كُنتُ إِلَّا بَشَرًا رَّسُولًا (പ്രവാചകൻ അവരോട് ചോദിക്കുക: പരമ പരിശുദ്ധനായ തമ്പുരാനേ, ഞാൻ ദൈവദൂതനായ ഒരു മനുഷ്യൻ മാത്രമല്ലാതെ മറ്റെന്തെങ്കിലുമാണോ?). പ്രവാചകന്റെ സമ്പന്നതയെക്കുറിച്ച് 6:50-ൽ قُل لَّا أَقُولُ لَكُمْ عِندِي خَزَائِنُ اللَّهِ وَلَا أَعْلَمُ الْغَيْبَ وَلَا أَقُولُ لَكُمْ إِنِّي مَلَكٌ (പ്രവാചകൻ അവരോട് പറയുക: അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ കൈവശമാണെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. ഞാൻ അഗോചര കാര്യങ്ങളറിയുന്നില്ല. ഞാനൊരു മലക്കാണെന്നും നിങ്ങളോടു പറയുന്നില്ല). 11:31-ൽ وَلَا أَقُولُ لَكُمْ عِندِي خَزَائِنُ اللَّهِ وَلَا أَعْلَمُ الْغَيْبَ وَلَا أَقُولُ إِنِّي مَلَكٌ എന്നും പ്രസ്താവിക്കുന്നു. പ്രവാചക വിരുദ്ധ വിമർശനങ്ങളെല്ലാം അല്ലാഹുവിനെ മനസ്സിലാക്കാത്തവരിൽനിന്നും പ്രവാചകത്വത്തിന്റെ യാഥാർഥ്യം അറിയാത്തവരിൽനിന്നും ഉയരുന്നതാണ്. وَمَا قَدَرُوا اللَّهَ حَقَّ قَدْرِهِ إِذْ قَالُوا مَا أَنزَلَ اللَّهُ عَلَىٰ بَشَرٍ مِّن شَيْءٍ (അല്ലാഹു ഒരു മനുഷ്യന്നും യാതൊന്നും അവതരിപ്പിച്ചു കൊടുത്തിട്ടില്ല എന്നു വാദിക്കുമ്പോൾ വാസ്തവത്തിൽ അവർ അല്ലാഹുവിനെ മനസ്സിലാക്കേണ്ട വണ്ണം മനസ്സിലാക്കിയിട്ടില്ല - 6:91).

പ്രവാചകന്റെ ആളത്തത്തെ ആസ്പദമാക്കി നാനാതരം വിമർശനങ്ങളുന്നയിക്കുന്ന അവിശ്വാസികളോട് പറയുകയാണ്: പ്രവാചകന്മാരിൽ ഒരു പുതുമയല്ല ഞാൻ. بِدْعًا എന്ന മൂലപദം بَدَعَ-യുടെ കർതൃപദമായ بَادِع-ന്റെ ഭേദരൂപമായ بديع ന്റെ മറ്റൊരു പാഠമാണ്. خِلّ-خليل-നെ എന്നാക്കുന്നതുപോലെ. പൂർവ മാതൃകയോ പരിശീലനമോ പദ്ധതി തയാറാക്കലോ ഇല്ലാതെ മൗലികമായി ആവിഷ്കരിക്കുകയാണ് بَدْع. ഈ അർഥത്തിലാണ് അല്ലാഹുവിനെ പ്രപഞ്ചത്തിന്റെ ആവിഷ്കർത്താവ് (بَدِيعُ السَّمَاوَاتِ وَالْأَرْضِ) എന്നു പറയുന്നത്. മൗലികമായ സാഹിത്യ കലകൾ ആവിഷ്കരിക്കുന്നതിന് إبداع എന്നും ആവിഷ്കർത്താവിന് مُبْدِع എന്നും പറയും. മതപ്രമാണങ്ങൾ ദുർവ്യാഖ്യാനം ചെയ്ത് സത്യമതത്തിൽ ഇല്ലാത്തതും അതിന്റെ തത്ത്വങ്ങൾക്ക് വിരുദ്ധവുമായ പുതിയ പുതിയ വിശ്വാസങ്ങളും ആചാരങ്ങളും ആവിഷ്കരിക്കുന്നതിനും ആചരിക്കുന്നതിനും ابتداع എന്നും, അങ്ങനെ ചെയ്യുന്നവരെ مبتدع എന്നും പറയുന്നു. ഞാൻ ദൈവദൂതന്മാരിൽ بِدْعٌ അല്ല എന്നതിന്റെ താൽപര്യം, ശരീര ഘടനയിലോ സ്വഭാവ പ്രകൃതിയിലോ ശക്തി ദൗർബല്യങ്ങളിലോ ഒന്നും ഞാൻ പൂർവ പ്രവാചകന്മാരിൽനിന്നു ഭിന്നനല്ല എന്നാണ്. അവരെല്ലാം നിങ്ങളെപ്പോലുള്ള മനുഷ്യർ ആയിരുന്നതുപോലെ ഞാനും മനുഷ്യൻ തന്നെയാണ്. എനിക്കും അവരെപ്പോലെ അഗോചരജ്ഞാനമില്ല. നാളെ എനിക്കെന്തു സംഭവിക്കുമെന്ന് എനിക്കറിഞ്ഞുകൂടാ. നിങ്ങൾക്കെന്തു സംഭവിക്കുമെന്നും അറിഞ്ഞുകൂടാ. അതൊക്കെ അല്ലാഹുവിനു മാത്രമേ അറിയൂ. അവൻ അറിയിച്ചു തരുന്നതു മാത്രമേ ഞാൻ അറിയുന്നുള്ളൂ. അവൻ ദിവ്യസന്ദേശമായി എനിക്കെത്തിച്ചു തരുന്ന അറിവുകൾ അനുസരിക്കുകയും പ്രബോധനം ചെയ്യുകയും മാത്രമാണ് ഞാൻ ചെയ്യുന്നത്. അസത്യത്തിന്റെയും അധർമത്തിന്റെയും ഭയാനകമായ അനന്തര ഫലത്തെക്കുറിച്ച് ജനങ്ങൾക്ക് വ്യക്തമായ മുന്നറിയിപ്പു നൽകുക മാത്രമാണെന്റെ ചുമതല. ഇതുതന്നെയായിരുന്നു പൂർവ പ്രവാചകന്മാരുടെയും അവസ്ഥ. മരുഭൂമിയിൽ നദികളൊഴുക്കുക, കനകക്കൊട്ടാരങ്ങളുണ്ടാക്കി വസിക്കുക, എനിക്കും നിങ്ങൾക്കുമൊക്കെ നാളെ ഈ ലോകത്തും പരലോകത്തും എന്തു സംഭവിക്കുമെന്നു പറയുക തുടങ്ങിയ കാര്യങ്ങളൊന്നും അവരുടെ കഴിവിലും ഉത്തരവാദിത്വത്തിലും പെട്ടതായിരുന്നില്ല; എന്റെയും, ഉത്തരവാദിത്വത്തിലും കഴിവിലും പെട്ടതല്ല. കുരുട്ടു ചോദ്യങ്ങളുന്നയിച്ച് ഉത്തരം മുട്ടിച്ചും, മനുഷ്യ കഴിവിനതീതമായ അത്ഭുതങ്ങൾ പ്രകടിപ്പിക്കാനാവശ്യപ്പെട്ട് നിസ്സഹായനാക്കിയും എന്നെ തോൽപിക്കാൻ ശ്രമിക്കുകയല്ല നിങ്ങൾ ചെയ്യേണ്ടത്; പ്രത്യുത, ഞാൻ പ്രബോധനം ചെയ്യുന്ന ദൈവിക സന്ദേശം മുൻവിധിയില്ലാതെ മനസ്സിലാക്കുകയും ദൈവത്തിന്റെ വിധിവിലക്കുകൾ ജീവിതത്തിൽ പകർത്തുകയുമാണ്. ●

**നാളെ എനിക്കെന്തു സംഭവിക്കുമെന്ന് എനിക്കറിഞ്ഞുകൂടാ. നിങ്ങൾക്കെന്തു സംഭവിക്കുമെന്നും അറിഞ്ഞുകൂടാ. അതൊക്കെ അല്ലാഹുവിനു മാത്രമേ അറിയൂ. അവൻ അറിയിച്ചു തരുന്നതു മാത്രമേ ഞാൻ അറിയുന്നുള്ളൂ. അവൻ ദിവ്യസന്ദേശമായി എനിക്കെത്തിച്ചു തരുന്ന അറിവുകൾ അനുസരിക്കുകയും പ്രബോധനം ചെയ്യുകയും മാത്രമാണ് ഞാൻ ചെയ്യുന്നത്.**

قُلْ أَرَءَيْتُمْ إِن كَانَ مِنْ عِندِ ٱللَّهِ وَكَفَرْتُم بِهِۦ وَشَهِدَ شَاهِدٌ مِّنۢ بَنِىٓ إِسْرَٰٓءِيلَ عَلَىٰ مِثْلِهِۦ
فَـَٔامَنَ وَٱسْتَكْبَرْتُمْ ۖ إِنَّ ٱللَّهَ لَا يَهْدِى ٱلْقَوْمَ ٱلظَّٰلِمِينَ ﴿١٠﴾

*10*

*പ്രവാചകൻ അവരോട് ചോദിച്ചു നോക്കുക: നിങ്ങൾ ആലോചിച്ചിട്ടുണ്ടോ, ഈ ഖുർആൻ അല്ലാഹുവിങ്കൽനിന്നു തന്നെയുള്ളതായിരിക്കുകയും നിങ്ങളതിനെ നിഷേധിക്കുകയുമാണ്. എങ്കിൽ നിങ്ങളുടെ ഗതി എന്തായിരിക്കും? ഇതുപോലുള്ള വേദത്തിന് ഇസ്രാഈല്യരിൽനിന്നുള്ള ഒരു സാക്ഷി സാക്ഷ്യം വഹിച്ചിട്ടുമുണ്ട്. അദ്ദേഹം വിശ്വസിച്ചു. നിങ്ങളോ, ഗർവിഷ്ഠരായി. ധർമ ധിക്കാരികളായ ജനത്തിന് അല്ലാഹു സന്മാർഗമരുളാറില്ല.*

| | |
|---|---|
| നീ പറയുക (പ്രവാചകൻ അവരോട് ചോദിച്ചു നോക്കുക) | قُلْ |
| നിങ്ങൾ കണ്ടുവോ? (ആലോചിച്ചിട്ടുണ്ടോ?) | أَرَأَيْتُمْ |
| അത് അല്ലാഹുവിങ്കൽനിന്ന് ആയെങ്കിൽ (ഈ ഖുർആൻ അല്ലാഹുവിങ്കൽനിന്നുതന്നെ ഉള്ളതായിരിക്കുകയും) | إِن كَانَ مِنْ عِندِ اللَّهِ |
| നിങ്ങൾ അതിനെ നിഷേധിക്കുകയും ചെയ്തു (നിഷേധിക്കുകയുമാണ് എങ്കിൽ നിങ്ങളുടെ ഗതി എന്തായിരിക്കും?) | وَكَفَرْتُم بِهِ |
| ഒരു സാക്ഷി സാക്ഷ്യം വഹിച്ചിട്ടുമുണ്ട് | وَشَهِدَ شَاهِدٌ |
| ഇസ്രാഈല്യരിൽനിന്നുള്ള | مِّن بَنِي إِسْرَائِيلَ |
| ഇതുപോലുള്ളതിന് | عَلَىٰ مِثْلِهِ |
| അദ്ദേഹം വിശ്വസിച്ചു | فَآمَنَ |
| നിങ്ങൾ(ളോ) അഹങ്കരിച്ചു ഗർവിഷ്ഠരായി | وَاسْتَكْبَرْتُمْ |
| അല്ലാഹു സന്മാർഗമരുളാറില്ല, ലക്ഷ്യത്തിലേക്ക് നയിക്കാറില്ല | إِنَّ اللَّهَ لَا يَهْدِي |
| (ധർമ) ധിക്കാരികളായ ജനത്തെ | الْقَوْمَ الظَّالِمِينَ |

**ഞാ**ൻ ഓതിക്കേൾപ്പിക്കുന്ന ഖുർആൻ അല്ലാഹു ദിവ്യസന്ദേശമായി എനിക്ക് അയച്ചു തന്ന ദൈവിക സൂക്തങ്ങളാണെന്ന് ഇനിയും നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ ഒന്ന് ആലോചിച്ചു നോക്കുക: യഥാർഥത്തിൽ ഞാൻ കേൾപ്പിക്കുന്ന ഈ സന്ദേശം അല്ലാഹുവിങ്കൽനിന്നുള്ളതു തന്നെയാണെന്നു വെക്കുക. ഇതുൾക്കൊള്ളുന്ന തത്ത്വങ്ങളും ധർമശാസനകളും ഇതിന്റെ ഭാഷയും ശൈലിയുമെല്ലാം ഇതു ദൈവികമായിരിക്കാനുള്ള മികച്ച സാധ്യതയെ സൂചിപ്പിക്കുന്നുണ്ടല്ലോ. എന്നാൽ, നിങ്ങളത് കണ്ണടച്ച് നിഷേധിക്കുകയാണെന്നും വെക്കുക. അതാണ് നടക്കുന്നതെങ്കിൽ അല്ലാഹുവിങ്കൽ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും? ഈ സാധ്യതക്കു പുറമെ വേദവാഹകരായ ഇസ്രാഈല്യരിൽനിന്ന് ഒരു സാക്ഷി ഇതുപോലുള്ളതിനെ സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. وَشَهِدَ شَاهِدٌ مِّن بَنِي إِسْرَائِيلَ عَلَىٰ مِثْلِهِ (അതുപോലുള്ളതിന്മേൽ ഇസ്രാഈൽ മക്കളിൽനിന്ന് ഒരു സാക്ഷി സാക്ഷിയായി) എന്ന വാക്യത്തിന് വ്യാഖ്യാതാക്കൾ വ്യത്യസ്ത വ്യാഖ്യാനങ്ങൾ നൽകിയിരിക്കുന്നു. പ്രവാചകന്റെ കാലത്തെ പ്രമുഖ ജൂതമതപണ്ഡിതനായ അബ്ദുല്ലാഹിബ്നു സലാം ആണ് ഈ സാക്ഷി എന്നാണൊരു വ്യാഖ്യാനം. തൗറാത്തിലെ തത്ത്വങ്ങളും ഉപദേശങ്ങളും തന്നെയാണ് ഖുർആൻ പ്രബോധനം ചെയ്യുന്നതെന്നു കണ്ട അദ്ദേഹം മുഹമ്മദീയ പ്രവാചകത്വം സൂചിപ്പിക്കുന്ന തൗറാത്തിന്റെ പ്രവചനങ്ങൾ മുഖവിലക്കെടുത്ത് ഇസ്‌ലാം സ്വീകരിക്കുകയായിരുന്നു. ഈ വ്യാഖ്യാനത്തിന് അവഗണിക്കാനാവാത്ത ഒരു ന്യൂനതയുണ്ട്. അബ്ദുല്ലാഹിബ്നു സലാം ഇസ്‌ലാം സ്വീകരിച്ചത് പ്രവാചകന്റെ മദീനാ ജീവിതകാലത്തായിരുന്നു. ഈ സൂറ അവതരിക്കുന്നത് ഹിജ്റക്ക് മുമ്പ് മക്കയിലാണ്. ഇതിന് രണ്ടു

**ഈസാ (അ) സൂചിപ്പിച്ച വരാനിരിക്കുന്നവൻ മുഹമ്മദ് നബിയല്ലാതെ മറ്റാരെങ്കിലുമായിരിക്കാൻ ഒരു സാധ്യതയുമില്ല. ഈസാ(അ)ക്ക് മുമ്പ് നിയുക്തനായ പ്രവാചകൻ യഹ്‌യാ (അ) തന്റെ നിയോഗ ലക്ഷ്യം, തനിക്കു പിറകെ വരുന്ന മിശിഹാക്ക് (മസീഹ്) വഴിതെളിയിക്കുകയാണെന്ന് പ്രസ്താവിച്ചിരുന്നു.**

മറുപടികൾ പറയപ്പെട്ടിരിക്കുന്നു: ഒന്ന്, ഈ സൂറയിലെ ഈ സൂക്തം മദീനയിൽ അവതരിച്ചതാണ്. അത് നേരത്തെ അവതരിച്ച ഈ സൂറയിൽ ഈ സ്ഥാനത്ത് നിബന്ധിക്കാൻ കൽപിക്കപ്പെടുകയായിരുന്നു. രണ്ട്, സൂക്തം അവതരിച്ചത് മദീനയിൽ തന്നെയാണ്. അതു പരാമർശിക്കുന്ന 'സാക്ഷി' ഇബ്നു സലാം ആണെന്നതും ശരിയാണ്. ഭാവിയിൽ സംഭവിക്കാനിരിക്കുന്ന ഇബ്നു സലാമിന്റെ മാനസാന്തരം മക്കയിൽ പ്രവചിക്കുകയായിരുന്നു ഖുർആൻ. രണ്ടു മറുപടിയും ബാലിശമാണ്. ഈ സൂക്തം ഇബ്നു സലാമിനെക്കുറിച്ചവതരിച്ചതാണെന്ന് പ്രസ്താവിക്കുന്ന ഹദീസുകൾ നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു എന്നതാണ് അവരുടെ ഈ വ്യാഖ്യാനത്തിനാധാരം. എന്നാൽ, ഏതെങ്കിലും വ്യക്തിയുടെ നടപടിയുമായി യോജിക്കുകയോ വിയോജിക്കുകയോ ചെയ്യുന്ന ഖുർആൻ സൂക്തങ്ങളെ ആ വ്യക്തിയുടെ കാര്യത്തിൽ അവതരിച്ചത് എന്ന് വിശേഷിപ്പിക്കുക അപൂർവമായിരുന്നില്ല. അത്തരത്തിലുള്ളതായേ പ്രസ്തുത ഹദീസുകളെ കാണേണ്ടതുള്ളൂ. ഇസ്രാഈല്യർക്ക് അല്ലാഹു അവതരിപ്പിച്ചു കൊടുത്ത തൗറാത്തിലുള്ള, മുഹമ്മദീയ പ്രവാചകത്വം സംബന്ധിച്ച പ്രവചനത്തെ മുഖവിലക്കെടുക്കുന്ന സാധാരണ ഇസ്രാഈല്യനാണ് ഈ 'സാക്ഷി' കൊണ്ട് ഉദ്ദേശ്യം എന്നാണ് മറ്റൊരു വ്യാഖ്യാനം. അല്ല, തൗറാത്ത് ലഭിച്ച മൂസാ(അ)യാണ് 'സാക്ഷി' എന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു.

ഇനിയും ചിലർ പറയുന്നത് 'ഈ സാക്ഷി' ഈസാ(അ) ആണെന്നത്രെ. ഇതാണ് കൂടുതൽ യുക്തമായ വ്യാഖ്യാനം. ഈ വ്യാഖ്യാനത്തിന്റെ ന്യായങ്ങൾ ഇവയാണ്: 1) വരാനിരിക്കുന്ന ഒരു പ്രവാചകന്നുവേണ്ടി വഴിതെളിയിക്കുകയാണ് തന്റെ നിയോഗത്തിന്റെ പ്രത്യേക ലക്ഷ്യമെന്ന് ഈസാ (അ) പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹത്തിനു ശേഷം പ്രവാചകനായി വന്നത് മുഹമ്മദ് നബി മാത്രമാകുന്നു എന്ന കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട് ഈസാ (അ) സൂചിപ്പിച്ച വരാനിരിക്കുന്നവൻ മുഹമ്മദ് നബിയല്ലാതെ മറ്റാരെങ്കിലുമായിരിക്കാൻ ഒരു സാധ്യതയുമില്ല. ഈസാ(അ)ക്ക് മുമ്പ് നിയുക്തനായ പ്രവാചകൻ യഹ്‌യാ (അ) തന്റെ നിയോഗ ലക്ഷ്യം, തനിക്കു പിറകെ വരുന്ന മിശിഹാക്ക് (മസീഹ്) വഴിതെളിയിക്കുകയാണെന്ന് പ്രസ്താവിച്ചിരുന്നു. യഹ്‌യാക്കു ശേഷം ആഗതനായ ഈസാ(അ)യെ തന്നെയാണ് യഹ്‌യാ പ്രവചിച്ചതെന്ന് വിശ്വാസികൾക്ക് ഉറപ്പായിരുന്നു. അതുപോലെ ഈസാ (അ) പ്രവചിച്ചത് മുഹമ്മദ് നബിയുടെ ആഗമനമാണെന്ന കാര്യത്തിൽ അദ്ദേഹത്തിൽ വിശ്വസിക്കുന്നവർ സംശയിച്ചു കൂടാത്തതാണ്.

**ഇപ്പോഴുള്ള പല ഇഞ്ചീലുകളിലും മുഹമ്മദ് നബിയുടെ നാമം മായ്ക്കപ്പെട്ടിരിക്കുന്നു. എങ്കിലും തനിക്കുശേഷം മഹത്തായ വിശേഷണങ്ങളുള്ള ഒരു പ്രവാചകൻ വരാനിരിക്കുന്നു എന്ന പ്രവചനം അതിൽ നിലനിൽക്കുന്നുണ്ട്. ആ വിശേഷണങ്ങളാവട്ടെ, പിന്നീട് ആഗതനായ മുഹമ്മദ് നബിയുമായി മാത്രം യോജിക്കുന്നതാണ്.**

2) തൗറാത്തും സബൂറും മുഹമ്മദീയ പ്രവാചകത്വം സൂചിപ്പിക്കുന്നുണ്ടെങ്കിലും വരാനിരിക്കുന്ന പ്രവാചകനെ പേരു ചൊല്ലി പ്രവചിക്കുന്നത് ഇഞ്ചീൽ ആകുന്നു. ഖുർആൻ അത് ഇപ്രകാരം അനുസ്മരിക്കുന്നുണ്ട്: **وَإِذْ قَالَ عِيسَى ابْنُ مَرْيَمَ يَا بَنِي إِسْرَائِيلَ إِنِّي رَسُولُ اللَّهِ إِلَيْكُم مُّصَدِّقًا لِّمَا بَيْنَ يَدَيَّ مِنَ التَّوْرَاةِ وَمُبَشِّرًا بِرَسُولٍ يَأْتِي مِن بَعْدِي اسْمُهُ أَحْمَدُ** (മർയമിന്റെ മകൻ ഈസാ പ്രസ്താവിച്ചതോർക്കുക; അല്ലയോ ഇസ്രാഈല്യരേ, അല്ലാഹുവിങ്കൽനിന്ന് നിങ്ങളിലേക്ക് നിയുക്തനായ ദൈവദൂതനാകുന്നു ഞാൻ. എനിക്ക് മുമ്പ് ആഗതമായിട്ടുള്ള തൗറാത്തിനെ സത്യപ്പെടുത്തുന്നവനും എനിക്കു ശേഷം വരാനിരിക്കുന്ന അഹ്മദ് എന്നു പേരുള്ള ദൈവദൂതന്റെ ആഗമന സുവിശേഷമറിയിക്കുന്നവനുമാകുന്നു -61:6). ഇപ്പോഴുള്ള പല ഇഞ്ചീലുകളിലും മുഹമ്മദ് നബിയുടെ നാമം മായ്ക്കപ്പെട്ടിരിക്കുന്നു. എങ്കിലും തനിക്കുശേഷം മഹത്തായ വിശേഷണങ്ങളുള്ള ഒരു പ്രവാചകൻ വരാനിരിക്കുന്നു എന്ന പ്രവചനം അതിൽ നിലനിൽക്കുന്നുണ്ട്. ആ വിശേഷണങ്ങളാവട്ടെ, പിന്നീട് ആഗതനായ മുഹമ്മദ് നബിയുമായി മാത്രം യോജിക്കുന്നതാണ്. തർജമയിലൂടെ ഈ ഗുണങ്ങളും മാഞ്ഞുകൊണ്ടിരിക്കുകയാണ്. ബർനബാസിന്റേതു പോലുള്ള സുവിശേഷങ്ങളിൽ പ്രവാചകന്റെ പേര് പറയുന്നുണ്ട്. അതുകൊണ്ടുതന്നെ ക്രൈസ്തവർ ആ സുവിശേഷത്തെ തള്ളിപ്പറഞ്ഞിരിക്കുന്നു.

ഇഞ്ചീലിൽ മുഹമ്മദ് നബിയുടെയും ഖുർആനിന്റെയും ആഗമനം പ്രവചിക്കുന്ന വചനങ്ങളിൽ ചിലത്: "യേശുവ അവരോടു ചോദിച്ചു: 'നിങ്ങൾ ഇതു വിശുദ്ധ ലിഖിതത്തിൽ വായിച്ചിട്ടില്ലേ: പണിക്കാർ തള്ളിക്കളഞ്ഞ കല്ലുതന്നെ മൂലക്കല്ലായിത്തീർന്നു. ഇതു കർത്താവിന്റെ പ്രവൃത്തിയാണ്; നമ്മുടെ ദൃഷ്ടികളിൽ വിസ്മയകരവും. അതിനാൽ ഞാൻ നിങ്ങളോടു പറയുന്നു: ദൈവരാജ്യം

നിങ്ങളിൽനിന്ന് എടുത്ത് ഫലം പുറപ്പെടുവിക്കുന്ന ജനതക്കു നൽകും" (മത്തായി 21:41-44). ''ഞാൻ പിതാവിനോടു പ്രാർഥിക്കും: നിങ്ങളോടുകൂടി എന്നെന്നും ഉണ്ടായിരിക്കുന്നതിന് പിതാവ് മറ്റൊരു സഹായകനെ നിങ്ങൾക്കു തരും" (യോഹന്നാൻ 14:16).

"ഇനി ഞാൻ നിങ്ങളോടു ഏറെ സംസാരിക്കുകയില്ല. ഈ ലോകത്തിന്റെ അധികാരി വരുന്നു. എന്നാൽ, അയാൾക്ക് എന്റെ മേൽ ഒരധികാരവും ഇല്ല" (യോഹന്നാൻ 14:31).

''മറ്റൊരു ഉപമയും യേശു അവരോടു പറഞ്ഞു: 'ഒരു മനുഷ്യൻ തന്റെ വയലിൽ വിതച്ച കടുകു മണിക്കു തുല്യമാണ് സ്വർഗരാജ്യം. വിത്തുകളിൽ ഏറ്റം ചെറുതാണ് കടുകു മണി. എന്നാൽ, അത് ഏറ്റം വലിയ ചെടിയായി വളരുന്നു. മരമായിത്തീരുന്നു. ആകാശത്തിലെ പറവകൾ വന്ന് അതിന്റെ കൊമ്പുകളിൽ കൂടുകൂട്ടുന്നു'' (മത്തായി 13:31-33).

إِنَّ اللَّهَ - الظَّالِمِينَ എന്ന പിൻവാക്യം, സന്മാർഗ ലബ്ധിയുടെയും മാർഗഭ്രംശത്തിന്റെയും കാര്യത്തിലുള്ള അല്ലാഹുവിന്റെ നടപടിക്രമം -സുന്നത്ത്- സൂചിപ്പിക്കുകയാണ്. ഈ വിഷയം ഈദൃശ വചനങ്ങളിലൂടെ നേരത്തെ പലവട്ടം വ്യക്തമാക്കിയിട്ടുള്ളതാണ്. സ്വന്തം ബുദ്ധിയും ചിന്തയും സത്യം അന്വേഷിക്കാനും കൈക്കൊള്ളാനും ഉപയോഗപ്പെടുത്താതെ, അല്ലാഹു അവതരിപ്പിച്ച സത്യസന്ദേശങ്ങൾക്കു നേരെ കാതും കണ്ണും മനഃപൂർവം കൊട്ടിയടച്ചവർ സന്മാർഗം ഒരിക്കലും ലഭിക്കാതിരിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു ആരെയും ബലാൽക്കാരം സന്മാർഗത്തിലേക്കോ ദുർമാർഗത്തിലേക്കോ വലിച്ചിഴക്കുന്നില്ല. സ്വയം തെരഞ്ഞെടുത്ത പാതയിൽ സഞ്ചരിക്കാൻ ഓരോരുത്തരെയും അനുവദിക്കുകയും അതിനു സൗകര്യമൊരുക്കിക്കൊടുക്കുകയുമാണവൻ. ●

**സ്വന്തം ബുദ്ധിയും ചിന്തയും സത്യം അന്വേഷിക്കാനും കൈക്കൊള്ളാനും ഉപയോഗപ്പെടുത്താതെ, അല്ലാഹു അവതരിപ്പിച്ച സത്യസന്ദേശങ്ങൾക്കു നേരെ കാതും കണ്ണും മനഃപൂർവം കൊട്ടിയടച്ചവർ സന്മാർഗം ഒരിക്കലും ലഭിക്കാതിരിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു ആരെയും ബലാൽക്കാരം സന്മാർഗത്തിലേക്കോ ദുർമാർഗത്തിലേക്കോ വലിച്ചിഴക്കുന്നില്ല.**


# WE ARE HIRING

**IT DEPARTMENT HEAD**

Qualification: Master/ Bachelor degree in IT or related field Experience: Minimum 3 years leadership role in IT operations. good communication and problem solving skills with relevant certifications.

**ENGLISH DEPARTMENT HEAD**

Qualification: Master's degree or higher in English Literature or a related field. Experience: Minimum 3-5 years extensive experience in academic administration, leadership curriculum design Good English language teaching skills.

**ACADEMIC COORDINATOR**

Qualification: Bachelor's degree in Education or related field. Experience: Minimum 3 years' experience in academic administration, strong organizational and communication skills etc.

**GRAPHIC DESIGNER**

Qualification: Bachelor Degree or Diploma in Graphic Designing or related field Experience: Minimum 2 years experience in creating visual elements for various mediums. A good collection of impressive works.

**LADY MENTORS**

Experience: Minimum 3 years extensive experience in the field.
High quality of interpersonal skills good understanding of teenage psychology

**Interested candidate post your CV to hr@aljamia.net on or before 05th Sep. 2023**

**AL JAMIA AL ISLAMIYA, SANTHAPURAM**